23-09-2023 പ്രഭാതമുരളി ഓം ശാന്തി ബാപ്ദാദ മധുബന്

മധുരമായ കുട്ടികളേ, ആത്മാവിന്റെയും പരമാത്മാവിന്റെയും യഥാര്ത്ഥ ജ്ഞാനം നിങ്ങളിലുണ്ട്, അതുകൊണ്ട് നിങ്ങള് വെല്ലുവിളിക്കണം, നിങ്ങളാണ് ശിവ ശക്തികള്.

ചോദ്യം :- നിങ്ങള് കുട്ടികള് പുരുഷാര്ത്ഥം ചെയ്ത് കൊണ്ടിരിക്കുന്നത് ഏറ്റവും ഉയര്ന്ന ഏത് ലക്ഷ്യത്തിനു വേണ്ടി തന്നെയാണ് ?

ഉത്തരം :- നിരന്തരം ഓര്മ്മയിലിരിക്കണം - ഇതാണ് ഏറ്റവും ഉയര്ന്ന ലക്ഷ്യം. ഓര്മ്മയിലൂടെ തന്നെയാണ് കര്മ്മ ഭോഗം ഇല്ലാതാക്കി കര്മ്മാതീത അവസ്ഥയുണ്ടാക്കുന്നത്. അപാരമായ സുഖം ഏതൊരു മാതാ പിതാവില് നിന്നുമാണോ ലഭിക്കുന്നത്, ആ ബാബയോട് കുട്ടികള് പറയുന്നു - ബാബാ അങ്ങയെ മറന്ന് പോകുന്നു, അതിശയം തന്നെയല്ലേ. ദേഹീ അഭിമായിയായിരിക്കുന്നതിന്റെ പുരുഷാര്ത്ഥം നടന്നു കൊണ്ടിരിക്കുന്നുവെങ്കില് ഓര്മ്മ മറന്ന് പോകില്ല.

ഗീതം :- ഈ കളിയെല്ലാം രചിച്ചത് ആരാണ്.........

ഓംശാന്തി. ഭഗവാനുവാച - കുട്ടികള് തന്റെ അച്ഛനെ, ഭഗവാനെ അറിയുന്നുണ്ട്. ഇപ്പോള് കുട്ടികള് ബാബയിലൂടെ ആസ്തികരായി മാറിയിരിക്കുന്നു,കാരണം ബാബയിലൂടെ ബാബയെ അറിഞ്ഞു അതുകൊണ്ടാണ് ആസ്തികര് എന്ന് പറയുന്നത്. സത്യത്തില് നമ്മള് ആത്മാവാണ് എന്നും ഭഗവാന് നമ്മള് ആത്മാക്കളുടെ അച്ഛനാണ് എന്നും മനസ്സിലാക്കി. എന്നാല് ചില മനുഷ്യര് സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കുന്നുണ്ട് പക്ഷേ പരമാത്മാവിനെ ആരും അറിയുന്നില്ല.എപ്പോഴാണോ സ്വയം ബാബ വന്ന് കുട്ടികള്ക്ക് ജന്മം നല്കി അവര്ക്ക് തന്റെ പരിചയം കൊടുക്കുന്നത് അപ്പോഴാണ് അറിയുന്നത്.ബാബക്ക് തന്നെയാണ് തന്റെ പരിചയം നല്കേണ്ടത്. ബാബ ആത്മാക്കളുടെ അച്ഛനാണ്.നിങ്ങള് ആത്മാക്കളാണ്,ഞാന് നിങ്ങള് ആത്മാക്കളുടെ പരമപിതാവാണ് എന്നത് സന്മുഖത്ത് വന്ന് പറഞ്ഞ് തരുന്നു.നിങ്ങള്ക്ക് നിശ്ചയമാകുന്നുണ്ട്. ഇത് സാധാരണ കാര്യമാണ്. ബാബ 5000 വര്ഷങ്ങള്ക്ക് ശേഷം വീണ്ടും വന്നിരിക്കുകയാണ്. സര്വ്വ കുട്ടികളും നാസ്തികരും ദുഃഖിതരും ആകുമ്പോള്, ഒരാള് പോലും ആസ്തികരായിട്ട് ഉണ്ടാകില്ല അപ്പോഴാണ് ബാബ വരുന്നത്.ആസ്തികരാക്കിയിട്ട് പോവുന്നു. ആരും പിന്നെ ബാബയെ അറിയുന്നതേയില്ല.നമ്പര്വാര് പുരുഷാര്ത്ഥം അനുസരിച്ച് ഇപ്പോള് നിങ്ങള് കുട്ടികളില് ഈ നിശ്ചയമുണ്ട്.സര്വ്വര്ക്കും പൂര്ണ്ണമായിട്ടുള്ള നിശ്ചയമില്ല.ഇവിടെ സന്മുഖത്തിരിക്കുകയാണ്, പരംപിതാ പരമാത്മാവ് പതീത പാവനനായ ബാബ പതീതത്തില് നിന്നും പാവനമാക്കികൊണ്ടിരിക്കുന്നു എന്നത് അറിയുന്നുണ്ട്. ഇവിടെ ദേവതകളുടെ മൂര്ത്തികള് മാത്രമാണുള്ളത്. അവര് ഇല്ല. നിങ്ങള് ബ്രാഹ്മണര് അല്ലാതെ മറ്റൊരു മനുഷ്യനും ആത്മാവിനെയും പരമാത്മാവിനെയും അറിയുന്നില്ല. നമ്മള് തന്നെയാണ് പരമാത്മാവ് എന്ന് പറയുന്നതിലൂടെ ആത്മാവിനെയോ പരമാത്മാവിനെയോ അറിയുന്നില്ല. ഒരു മനുഷ്യന് പോലും സ്വയം യഥാര്ത്ഥ രീതിയില് ആത്മാവാണ് എന്ന് മനസ്സിലാക്കുകയും പരമാത്മാവ് തന്റെ അച്ഛനാണ് എന്ന് മനസ്സിലാക്കുകയും ചെയ്യുന്നവര് ഇല്ല എന്നത് നിങ്ങള് കുട്ടികള്ക്കറിയാം. പക്ഷേ ഇപ്പോള് ആര് വെല്ലുവിളിക്കും? ശക്തികള് തന്നെയാണ് വെല്ലുവിളിച്ചിരുന്നത്. പക്ഷേ നിങ്ങളില് ഉണ്ടാകേണ്ട ശക്തി ഇപ്പോള് വരെയും വന്നിട്ടില്ല. ശിവശക്തികള് പ്രശസ്തമാണ്. ജഗദംബയും ശക്തിയാണ്. സമ്മേളനങ്ങളില് എല്ലാ മതനേതാക്കളും വന്നിട്ടുണ്ട്, അവര്ക്കും മനസ്സിലാക്കികൊടുക്കണം.

ബാബ പറയുന്നു - കുട്ടികളേ,നിങ്ങള്ക്ക് ദേഹീ അഭിമാനിയാകണം.നമ്മള് ആത്മാവാണ്.പരംപിതാ പരമാത്മാവില് നിന്നും സമ്പത്ത് എടുത്ത് കൊണ്ടിരിക്കുന്നു -ഈ നിശ്ചയം ഇല്ല,എന്തെങ്കിലും സംശയമുണ്ടെങ്കില് ഉയര്ന്ന പദവി നേടുവാന് സാധിക്കില്ല.നല്ല നല്ല കുട്ടികള് പോലും മുന്നോട്ട് പോകെ പോകെ മായയുടെ കൊടുങ്കാറ്റ് അടിക്കുമ്പോള് വീണു പോകുന്നു.നിശ്ചയബുദ്ധിയില് നിന്നും സംശയബുദ്ധിയുള്ളവരാകുന്നു. അതല്ലെങ്കില് കുട്ടികള് ഒരിക്കലും ഇത് നമ്മുടെ അച്ഛന് അല്ല എന്ന സംശയബുദ്ധിയുള്ളവരാകുന്നില്ല. പരംപിതാ പരമാത്മാവ് നമ്മള് സര്വ്വ ആത്മാക്കളുടേയും അച്ഛനാണ് എന്ന് പറയുന്നുണ്ട്,ആ അച്ഛന് നമ്മളെ പഠിപ്പിക്കുകയാണ് എന്നിട്ടും ബാബയെ മറന്ന് പോകുന്നു. ദിവസവും മനസ്സിലാക്കി തരുന്നു - കുട്ടികളേ,തന്റെ അച്ഛനെ ഓര്മ്മിക്കൂ എങ്കില് നിങ്ങളുടെ വികര്മ്മം വിനാശമാകും.ജന്മ ജന്മാന്തരങ്ങളിലെ വളരെയധികം വികര്മ്മം തലയിലുണ്ട്.നിങ്ങള്ക്കറിയാം

മമ്മയേയും ബാബയേയും തന്നെയാണ് ബ്രഹ്മാവെന്നും സരസ്വതിയെയും പറയുന്നത്,അവരാണ് നമ്പര്വണ്.അവരും സ്വയം പറയുന്നത് -ഇത്രയും യോഗം ചെയ്യുന്നുണ്ട് ,പരിശ്രമിക്കുന്നുണ്ട് എന്നിട്ടും അനേക ജന്മങ്ങളിലെ പാപം നശിക്കുന്നില്ല. എന്തെങ്കിലുമൊക്കെ അനുഭവിക്കേണ്ടി വരുന്നു. അന്തിമത്തില് ഈ അസുഖങ്ങളില് നിന്നും മുക്തമായി കര്മ്മാതീത അവസ്ഥ നേടണം. പുരുഷാര്ത്ഥം ചെയ്യണം. മായയും ചെറുതല്ല, രണ്ട് പേരും സര്വ്വശക്തിവാന്മാരാണ്. രാവണനാകുന്ന മായ സര്വ്വ മനുഷ്യരേയും പതീതമാക്കി മാറ്റി. പാടുന്നുണ്ട് പതീത പാവനന് എന്ന്, കൈയടിച്ചുകൊണ്ടിരിക്കുന്നുണ്ട്, അപ്പോള് തീര്ച്ചയായും പതീതമാണല്ലോ പക്ഷേ സ്വയം നമ്മള് പതീതമാണ് എന്ന് മനസ്സിലാക്കുന്നില്ല. ഇപ്പോള് ഇത് പതീത ലോകമാണ് എന്ന് മനസ്സിലാക്കേണ്ടതും ആവശ്യമാണ്. പാവന ലോകം എന്ന് സത്യയുഗത്തിനെയാണ് പറയുന്നത്. പാവന ലോകത്തില് പതീത പാവനാ എന്ന് വിളിക്കില്ല.അപ്പോള് ഭാരതം വളരെ സുഖിയായിരുന്നു, ഒരേയൊരു ധര്മ്മമായിരുന്നു. ഇപ്പോള് നിങ്ങള്ക്കറിയാം പരംപിതാ പരമാത്മാവ് ജ്ഞാനത്തിന്റെ സാഗരമാണ്, ബാബ ഈ സര്വ്വ വേദങ്ങളുടെയും ശാസ്ത്രങ്ങളുടേയും രഹസ്യം അറിയുന്നുണ്ട്. ആ ബാബയാണ് പഠിപ്പിച്ച് കൊണ്ടിരിക്കുന്നത,് പക്ഷേ നമ്മളെ പരംപിതാ പരമാത്മാവാണ് പഠിപ്പിക്കുന്നത് എന്നത് മറന്ന് പോകുന്നവരുമുണ്ട്. പരിധിയില്ലാത്ത അച്ഛന് നമ്മളെ പഠിപ്പിക്കുന്നു എന്ന ലഹരിയുണ്ടാകുന്നില്ല. ഇവിടെ നിന്നും പുറത്ത് വീട്ടില് പോകുന്നതിലൂടെ ആ ലഹരിയെല്ലാം നഷ്ടപ്പെടുന്നു.യുക്തിയുക്തം പുരുഷാര്ത്ഥം ചെയ്യുന്ന വളരെ കുറച്ച് പേര് മാത്രമായുള്ളത്. മായ വളരെ ശക്തിശാലിയാണ്. ദേഹാഭിമാനമാണ് നമ്പര്വണ്. ബാബ പറയുന്നു സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കൂ. നമ്മള് ആത്മാവാണ് ഈ ശരീരത്തിലൂടെ കര്മ്മം ചെയ്യുന്നത്. സ്വയം പരമാത്മാവാണ് എന്ന് ഒരിക്കലും വിചാരിക്കരുത്. ബാബ പറയുന്നു, ഞാന് നിങ്ങളെ പതീതത്തില് നിന്നും പാവനമാകുവാന് വേണ്ടി വന്നിരിക്കുന്നു. ഇടയ്ക്കിടയ്ക്ക് എന്നെ ഓര്മ്മിക്കൂ. പക്ഷേ വളരെ നല്ല നല്ല കുട്ടികള് പോലും ബാബയെ ഓര്മ്മിക്കുന്നില്ല എന്നിട്ട് പിന്നെ സത്യവും പറയുന്നില്ല. ചാര്ട്ട് എഴുതി അയക്കുന്നതിലും കള്ളമാണ്. സത്യമായ ചാര്ട്ട് എഴുതുന്നില്ല. ബാബ പറയുന്നു, സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കൂ, നമ്മള് ആത്മാവ് 84 ജന്മം പൂര്ത്തിയാക്കി ഇപ്പോള് ബാബയുടെ അടുക്കലേക്ക് പോവുകയാണ്. അതിരാവിലെ എഴുന്നേറ്റ് ബാബയെ ഓര്മ്മിക്കൂ അപ്പോള് അതിന്റെ ലഹരി ദിവസം മുഴുവന് ഉണ്ടാകും. മനുഷ്യര് ധനം സമ്പാദിക്കുമ്പോള് ഇന്ന് ഇത്രയും സമ്പാദിച്ചു എന്ന ലഹരിയുണ്ടായിരിക്കുമല്ലോ. ഇതും ജോലിയാണ്,വ്യാപാരമാണ് അപ്പോള് അതിലും എത്രമാത്രം പരിശ്രമിക്കണം. ബാബ തന്റെ അനുഭവം പറയുന്നു, എത്രമാത്രം പരിശ്രമിക്കുന്നു. അതിരാവിലെ എഴുന്നേറ്റ് തന്നോട് സംസാരിക്കണം.ഇപ്പോള് പാര്ട്ട് പൂര്ത്തിയായിരിക്കുന്നു, ഇപ്പോള് നമ്മള് പൊയ്ക്കൊണ്ടി രിക്കുകയാണ്, പിന്നെ 21 ജന്മം രാജ്യം ഭരിക്കണം. എത്ര മധുരമായ എത്ര പ്രിയപ്പെട്ട അത്ഭുതകരമായ ബാബയാണ്. അങ്ങനെയുള്ള ബാബയെ മറ്റൊരു മനുഷ്യനും അറിയുന്നില്ല. ബാബ വന്ന് കുട്ടികളെ തന്നെക്കാളും ഉയര്ന്നതാക്കുകയാണ് എന്നാല് കുട്ടികള് ബാബയെ സര്വ്വവ്യാപിയെന്ന് പറഞ്ഞ് തന്നെക്കാളും താഴ്ത്തി. അതുകൊണ്ട് ബാബ പറയുന്നു, നിങ്ങള് വളരെ ദുഃഖികളായിത്തീര്ന്നു. ഞാന് നിങ്ങള് കുട്ടികളെ ബ്രഹ്മാണ്ഡത്തിന്റെയും വിശ്വത്തിന്റെയും രണ്ടിന്റെയും അധികാരിയാക്കുന്നു. പിന്നെ നിങ്ങള് കുട്ടികള് അച്ഛനായ എന്നെ സര്വ്വവ്യാപിയെന്ന് പറയുന്നു, ഇതും ഡ്രാമയുടെ കളിയാണ്. ഇപ്പോള് ബാബ നിര്ദ്ദേശം നല്കുകയാണ് - അങ്ങനെ അങ്ങനെ മനസ്സിലാക്കി കൊടുക്കൂ.

ലക്ഷ്മി-നാരായണനു് മുതലായ ദേവീ-ദേവതമാര് 100% സമ്പന്ന ബുദ്ധിയുള്ളവരായിക്കുന്നു, ഇപ്പോള് ഇല്ല. വ്യത്യാസം നോക്കൂ എത്രയാണ്-ഭാരതം സ്വര്ഗ്ഗമായിരുന്നു ,ഇപ്പോള് നരകമാണ്. ഈ ജ്ഞാനം ഒരു മനുഷ്യനിലും ഇല്ല. നിങ്ങള് കുട്ടികളിലും ആ ശക്തിയില്ല.ദേഹ-അഭിമാനം വളരെയാണ്. ദേഹീ-അഭിമാനിയ്ക്ക് ധാരണയാകുക തന്നെ വേണം. ബാബ ഡയറക്ഷന് നല്കുന്നു-ഇങ്ങനെ,ഇങ്ങനെ വെല്ലുവിളിക്കൂ.ആത്മാവ് എന്താണ് ,പരമാത്മാവ് എന്താണ് -ഒരാള്ക്കും ഇത് അറിയില്ല.നിങ്ങള് അറിയുന്നുണ്ട് ആത്മാവ് ബിന്ദുവാണ് ,നമ്മുടെ അച്ഛന് പരംപിതാ പരമാത്മാവും ബിന്ദുവാണ്.അത് നോളജ്ഫുള് ,പതീത-പാവനനാണ്. ജനന-മരണത്തില് വരുന്നില്ല. നമ്മള് ആത്മാക്കള് ജനന-മരണത്തില് വരുന്നു.പരംപിതാ പരമാത്മാവ് പറയുന്നു ബാബയുടേയും പാര്ട്ട് ഉണ്ട്, ബാബ വരുന്നു,നിങ്ങളെല്ലാവരേയും സുഖിയാക്കി പിന്നീട് നിര്വ്വാണ ധാമില് പോയി ഇരിക്കുന്നു. മനുഷ്യര് വയസ്സാകുമ്പോള് വാനപ്രസ്ഥത്തിന് പോകുന്നു,പക്ഷേ അതിന്റെ അര്ത്ഥം ഒന്നും മനസ്സിലാക്കുന്നില്ല. വാനപ്രസ്ഥം അര്ത്ഥം ശബ്ദത്തിനുപരിയുള്ള സ്ഥാനം.അവര് അല്പംപോലും ശബ്ദത്തിനുപരി പോകുന്നില്ല.ഇപ്പോള് എല്ലാവരും വാനപ്രസ്ഥികളാണ്.നമ്മള് ആത്മാക്കള് ശബ്ദത്തിനുപരി ഇരിക്കുന്നവരാണ്.പക്ഷേ ആ സ്ഥാനത്തെ പോലും അറിയുന്നില്ല.നിങ്ങളില് പോലും ചിലരുടെ ബുദ്ധിയില് ഈ കാര്യങ്ങള് ഉണ്ട് .ദേഹ-അഭിമാനം വളരെയാണ്.ബാബയെ ഫോളോ ചെയ്യുന്നില്ല.മായയും വളരെ ശക്തിശാലിയാണ്.ആത്മാ-പരമാത്മാ

സംബന്ധത്തെ ഒരാളും അറിയുന്നില്ല.നിങ്ങളും ഇടയ്ക്കിടയ്ക്ക് ഇത് മറന്ന പോകുന്നു.ബാബയുടേതായി ബാബയെ പൂര്ണ്ണമായും ഓര്മ്മിക്കുകതന്നെ വേണമല്ലോ. പറയുന്നു-ബാബാ ഇടയ്ക്കിടയ്ക്ക് ഓര്മ്മിക്കാന് മറന്നുപോകുന്നു. ബാബയും പറയുന്നു, അയ്യോ!നിങ്ങള് മാതാ-പിതാവിനെ ബാബയെ ഓര്മ്മിക്കാന് മറന്നുപോകുന്നുവോ? നിരന്തരം ഓര്മ്മിക്കുക തന്നെയാണ് ലക്ഷ്യം .ഏത് മാതാ-പിതാവിലൂടെയാണോ സ്വര്ഗ്ഗത്തിന്റെ സമ്പത്ത് എടുത്തുകൊണ്ടിരിക്കുന്നത്, നിങ്ങള് അവരെ മറന്നുപോകുന്നുവോ? അതിശയം തന്നെ. മാതാ-പിതാവ് ഒന്നാണ്. ബാബ പറയുന്നു ബാബ നിങ്ങളുടെ മാതാ-പിതാവാണ്. ഇത് വളരെ ഗഹനമായ കാര്യമാണ്. പലരും മനസ്സിലാക്കുന്നു ജഗത്അംബ മാതാവാണ്, പക്ഷേ അല്ല, കാരണം അത് സാകാരിയാണല്ലോ. നിങ്ങള് മാതാ-പിതാവ് എന്ന് പാടുന്നത് നിരാകാരനെയാണ്. ഈ എല്ലാ കാര്യങ്ങളും ആദ്യമേ പറഞ്ഞിരുന്നില്ല. ദിനം-പ്രതിദിനം ഗുഹ്യകാര്യങ്ങള് കേള്പ്പിക്കുന്നു. ഏതെങ്കിലും കാര്യം മനസ്സിലാക്കി കൊടുക്കുവാന് കഴിയുന്നില്ലായെങ്കില് പറയൂ-ബാബ ഇതുവരെ കേള്പ്പിച്ചിട്ടില്ല, ബാബയോട് ചോദിക്കാം. ദിനം- പ്രതിദിനം കൂടുതല് പുതിയ-പുതിയ പോയിന്റ് ലഭിച്ചുകൊണ്ടിരിക്കുന്നു. ജ്ഞാനം വളരെ ഉയര്ന്നതാണ്. പഠിച്ച് -പഠിച്ച് ക്ഷീണിച്ചുപോകുന്നു. ബാബക്ക് എഴുതുന്നു-എനിക്ക് മുന്നോട്ട് പോകുവാനെ കഴിയുന്നില്ല, വളരെയധികം കഷ്ടപെടുന്നു. കഷ്ടപെട്ട് പഠിത്തം ഉപേക്ഷിക്കുന്നു. വികാരത്തിലേക്ക് പോകുന്നുവെങ്കില് പഠിത്തം ഉപേക്ഷിക്കുന്നു. ബ്രഹ്മചര്യത്തിന്റെ ധാരണയിലൂടെ മാത്രമേ ഈ പഠിത്തം നടക്കുകയുള്ളൂ. അഥവാ ബ്രഹ്മചര്യം ഉപേക്ഷിക്കുന്നുവെങ്കില് ധാരണയാകില്ല. കാമവികാരം മഹാശത്രുവാണെന്ന് മറ്റുള്ളവരോട് പറയുവാനും കഴിയില്ല. ബുദ്ധിയുടെ പൂട്ട് അടഞ്ഞുപോകുന്നു. ലക്ഷ്യം വളരെ ഉയര്ന്നതാണ്.

സന്യാസി ഗൃഹസ്ഥ ധര്മ്മത്തെ ഉപേക്ഷിച്ച് ഓടിപോകുന്നു. അവര് ഹഠയോഗി സന്യാസി, ഇത് രാജയോഗമാണ്. ബാബ വന്ന് രാജയോഗം പഠിപ്പിക്കുന്നു. ഒരു ഹഠയോഗിക്ക് രാജയോഗം പഠിപ്പിക്കുവാനേ കഴിയില്ല. ഈ കാര്യം പൂര്ണ്ണമായും മനസ്സിലാക്കി കൊടുക്കുവാനുള്ള രീതി അറിയില്ല. അവരുടേത് ഹഠയോഗ സന്യാസമാണ്.അവര്ക്ക് പതീതരെ പാവനമാക്കുവാന് കഴിയില്ല. നിങ്ങളുടേത് പരിധിയില്ലാത്ത സന്യാസം ,അവരുടേത് പരിധിയുള്ള സന്യാസം. നിങ്ങളുടെ ബുദ്ധിയില് ഉണ്ട് അതായത് നമ്മള് 84-ജന്മം പൂര്ത്തിയാക്കി, ഇപ്പോള് നമ്മള്ക്ക് തിരിച്ചുപോകണം. ഈ പരിധിയില്ലാത്ത സന്യാസം ബുദ്ധി കൊണ്ടാണ് ചെയ്യുന്നത്. അവരുടേത് ഹഠയോഗ കര്മ്മസന്യാസം. നിങ്ങളുടേത് രാജയോഗം,കര്മ്മയോഗം-അത് ഭഗവാന് പഠിപ്പിക്കുന്നു. ഇപ്പോള് നിങ്ങള്ക്ക് നല്ല രീതിയില് മനസ്സിലാക്കി കൊടുക്കുവാന് കഴിയും അതായത് അത് ഹഠയോഗം, ഇത് രാജയോഗം. ശിവനെ പോലും ആരും മനസ്സിലാക്കുന്നില്ല.ഏതുപോലെ ആത്മാവ് ബിന്ദുവാണ് ,അതുപോലെ ശിവനും ബിന്ദുവാണ്. തിലകത്തിന്റെ അടയാളവും ഭ്രുകുടിയിലാണ് കാണിക്കുന്നത് ,വേറെ ഒരു സ്ഥലത്തും തിലകം ഇടില്ല. ഭ്രുകുടിയിലാണ് തിലകമിടുന്നത്. ആത്മാവും ഇവിടെയാണ് വസിക്കുന്നത്- ഇത് ഒരാള്ക്കും അറിയില്ല.ഈ ചെറിയ ബിന്ദുവില് 84-ജന്മത്തിന്റെ അവിനാശി പാര്ട്ട് അടങ്ങിയിരിക്കുന്നു, ഇത് എത്ര ആഴത്തിലുള്ള കാര്യമാണ്. ആര്ക്കും മനസ്സിലാക്കി കൊടുക്കുവാന് കഴിയില്ല.യഥാര്ത്ഥരീതിയില് മനസ്സിലാക്കി കൊടുക്കണം. ഏതുപോലെ ആത്മാവ് ബിന്ദുവാണ് , അതുപോലെ പരമാത്മാവും ബിന്ദുവാണ്. ഒരുപക്ഷേ രണ്ടാമത് ഒരു ആത്മാവ് വരുന്നുവെങ്കില് സമീപത്ത് വന്നിരിക്കുമല്ലോ. ബ്രാഹ്മണരില് ആത്മാവിനെ വിളിച്ചു വരുത്തുന്നു, ആത്മാവ് വന്നിട്ട് പറയുന്നു-ഞാന് ഇന്ന സ്ഥലത്ത് ജന്മം എടുത്തു.അപ്പോള് ആ ആത്മാവ് വന്ന് എവിടെ ഇരിക്കും? എന്താ തലയില് ഇരിക്കുമോ? അവരില് അവരുടെ ആത്മാവും ഉണ്ടല്ലോ.ബാബ പറയുന്നു-ബാബയും ബിന്ദുവാണ് ,ബാബയെ പരംപിതാപരമാത്മാവ് എന്ന് പറയുന്നു. ബാബയുടെ മഹിമ വളരെ ഉയര്ന്നതാണ്. ശിവായ നമ:....ഈ മഹിമ ആര് പാടി ?ആത്മാവ് സാളിഗ്രാം, അപ്പോള് തീര്ച്ചയായും അത് വേറെയാണ്. ലോകത്തിലുള്ളവര് ഈ കാര്യങ്ങളൊന്നും അറിയുന്നില്ല,നിങ്ങള് അറിയുന്നുണ്ട്. ആ ബാബക്ക് ഒരു നാമം മാത്രമേ ഉള്ളൂ-ശിവന്. ബ്രഹ്മാ,വിഷ്ണു,ശങ്കര് ഇവരെ ബ്രഹ്മാ ദേവതായ നമ: ,വിഷ്ണു ദേവതായ നമ: എന്നു പറയുന്നു. ബാബയെ ശിവ പരമാത്മായെ നമ: എന്നു പറയുന്നു.അപ്പോള് ശിവന് ഉയര്ന്നതായില്ലേ. ഈ കാര്യങ്ങള് നിങ്ങള് മനസ്സിലാക്കുന്നു. ഈ ജ്ഞാനവും നിങ്ങള്ക്കിപ്പോഴുണ്ട്. നിങ്ങളുടെ ഇത് വജ്ര സമാന ജന്മമാണ്. ദേവതമാര് പ്രാപ്തി അനുഭവിക്കുന്നു. ഈ പ്രാപ്തി നല്കുന്ന ബാബ അത്ഭുതമാണ്. അങ്ങനെയുള്ള പാരലൗകിക ബാബയെ എത്ര ബഹുമാനിക്കണം. ബുദ്ധിയോഗം ഈ ബ്രഹ്മാവില് അല്ല, ശിവബാബയില് വെക്കണം. ആ ബാബ ഈ ബ്രഹ്മാവിലൂടെ പഠിപ്പിക്കുന്നു, ഈ ശരീരം ലോണ് എടുത്തിരിക്കുന്നു. മുഴുവന് സൃഷ്ടിയിലും എത്ര വലിയ അതിഥിയാണ്. ശിവബാബ പരംധാമില് നിന്നും വരുന്നു. ഭാരതത്തിന്റെ എത്ര വലിയ അതിഥിയാണ്. എവിടെ നിന്നാണ് വന്നിരിക്കുന്നത്? ആ മന്ത്രിമാര്ക്കും മറ്റും എത്ര ബഹുമാനമാണ് ലഭിക്കുന്നത്. ബാബ ഗുപ്ത വേഷത്തില് എത്ര വലിയ അതിഥി പതീതരെ

പാവനമാക്കുവാന് വന്നിരിക്കുന്നു. ശരി.

വളരെക്കാലത്തെ വേര്പാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങള്ക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലര്കാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. അതിരാവിലെ എഴുന്നേറ്റ് ഓര്മ്മയില് ഇരുന്ന് സമ്പാദ്യം ശേഖരിക്കണം. സ്വയം തന്നോട് തന്നെ സംസാരിക്കണം.ദേഹീ-അഭിമാനിയായി ഇരിക്കണം.

2. രാജയോഗവും കര്മ്മയോഗവും പഠിക്കണം, പഠിപ്പിക്കണം. ഒരിക്കലും മട്ടുത്ത് പഠിത്തം ഉപേക്ഷിക്കരുത്. തീര്ച്ചയായും ബാബയെ ബഹുമാനിക്കണം.

വരദാനം :- ബാബയെപ്പോലെ പരിധിയില്ലാത്ത മനോവൃത്തി വെക്കുന്ന മാസ്റ്റര് വിശ്വ മംഗളകാരിയായി ഭവിക്കട്ടെ.

പരിധിയില്ലാത്ത മനോവൃത്തി അര്ഥം സര്വ്വ ആത്മാക്കളെ പ്രതിയും മംഗളത്തിന്റെ മനോവൃത്തി വെക്കുക- ഇതാണ് മാസ്റ്റര് വിശ്വമംഗളകാരിയാകുക. കേവലം തന്റെയോ തന്റെ പരിധിയില് നിമിത്തമാക്കപ്പെട്ട ആത്മാക്കളുടെയോ മംഗളാര്ഥം അല്ല എന്നാല് സര്വ്വരുടെയും മംഗളത്തിന്റെ മനോവൃത്തിയാകണം. അവനവന്റെ ഉന്നതിക്ക്, അവനവനെ പ്രതി, അവനവന്റെ സന്തോഷത്തില് തൃപ്തിപ്പെട്ട് പോകുന്നവര് അവര് സ്വ കല്യാണിയാണ്. എന്നാല് ആരാണോ പരിധിയില്ലാത്ത മനോവൃത്തി വെച്ച് പരിധിയില്ലാത്ത സേവനത്തില് ബിസിയായി കഴിയുന്നത് അവരെ പറയും ബാപ്സമാനം മാസ്റ്റര് വിശ്വമംഗളകാരി.

സ്ലോഗന് :- നിന്ദാസ്തുതി, മാന അപമാനം, ലാഭ നഷ്ടങ്ങളില് സമാനമായി കഴിയുന്നവര് തന്നെയാണ് യോഗി തു ആത്മാവ്